2002-2003 എന്നീ വർഷങ്ങളിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് എന്ത് തുക ലഭിച്ചു ; ഇതിൽ എന്തു തുക ചെലവഴിച്ചു ;

(ബി) ഒന്നും ചെലവഴിക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത് എന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിപ്രകാരം 2003-2004-ൽ എന്ത് തുക ലഭിച്ചു ;

(ഇ) പ്രസ്തുത തുക ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാൽമീകി-അംബേദ്കർ ആവാസ് യോജന (വാംബെ) പദ്ധതി അനുസരിച്ച് തിരുവനന്തപുരം നഗരസഭയ്ക്ക് 2001-2002-ൽ 64 ലക്ഷം രൂപയും 2002-2003 സാമ്പത്തിക വർഷം 4 കോടി രൂപയും നൽകിയിട്ടുണ്ട്. ചെലവിനത്തെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) 2001-2002 സാമ്പത്തിക വർഷത്തിൽ ചെങ്കൽച്ചൂളയിൽ (രാജാജി നഗർ) 160 വീടുകൾ ഫ്ളാറ്റായി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി പണി കോസ്റ്റ് ഫോർഡിനെകൊണ്ട് ചെയ്യിക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം നഗരസഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2002-2003-ൽ അനുവദിച്ച തുക ഉപയോഗിച്ച് വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി&ഇ) 2003-2004-ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെടുന്ന മുറയ്ക്ക് ലിസ്റ്റ് നൽകി തുക കൈപ്പറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പാർവ്വതി പുത്തനാറിന്റെ ഇരുകരകളിലുമായി തീരപഥം വികസന പദ്ധതി

84 (3836) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പാർവ്വതീ പുത്തനാറിന്റെ ഇരുകരകളിലുമായി തീരപഥം വികസന പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണോ ; ഇത് ദേശീയ ജലപാതയുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണോ എന്നുകൂടി വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുകയാണോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാർവ്വതീപുത്തനാറിന്റെ ഇരുകരകളിൽ നിന്നും എത്ര കിലോമീറ്റർ വീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരപഥം വികസനപദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് ദേശീയ ജലപാതയുടെ ഭാഗമായി നടത്തുന്ന പദ്ധതിയല്ല.

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വേളി, ആക്കുളം പ്രദേശവും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന മനുഷ്യ നിർമ്മിതമായ പാർവ്വതീപുത്തനാറിന്റെ 6.5 കി.മീ നീളം വരുന്ന ഭാഗമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. വള്ളക്കടവ്, ചാക്ക പ്രദേശത്ത് 4 കി.മീ ചുറ്റളവിലും വേളിയിലും അനുയോജ്യമായ സ്ഥലങ്ങളിലും റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഡോർമിറ്ററികൾ, ചില്ലറ വിൽപ്പനശാലകൾ, ലോഡ്ജുകൾ തുടങ്ങിയവയും കനാലിന്റെ ഇരുകരകളിലും 50 മീറ്റർ വീതിയിൽ പൂന്തോട്ടവും അതിലൂടെ 16.5 കി.മീ നീളത്തിൽ ഒരു നടപ്പാതയും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കനാലിലെ മലിനജലം വൃത്തിയാക്കി ഉല്ലാസബോട്ടു യാത്ര ഏർപ്പെടുത്തുവാനും ഉദ്ദേശമുണ്ട്.

വാൽമീകി അംബേദ്കർ ആവാസ്യോജന പ്രകാരം നെടുമങ്ങാട് നഗരസഭയ്ക്ക് ലഭിച്ച തുക

85 (3837) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാൽമീകി അംബേദ്കർ ആവാസ് യോജനപ്രകാരം നെടുമങ്ങാട് നഗരസഭയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുക ലഭിച്ചു ;

(ബി) എത്ര വീടുകൾ നിർമ്മിക്കാനുള്ള തുകയാണ് നൽകിയത് ;

(സി) ഇതിന്റെ ഗുണഭോക്താക്കൾക്ക് പ്രസ്തുത നഗരസഭ എന്തു തുക വീതം നൽകി ;

(ഡി) പ്രസ്തുത തുകകൊണ്ട് ഗുണഭോക്താക്കൾ എന്തു ചെയ്തു ;

(ഇ) ബാക്കിതുക ഗുണഭോക്താക്കൾക്ക് നൽകിയോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വിശദമാക്കുമോ ;

(എഫ്) ബാക്കിതുക നൽകുന്ന കാര്യത്തിൽ അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly